ചതിനാലാം കേരള നിയമസഭ
10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3152 — 14.03.2018-ൽമറുപടിയ്ക്ക്

# ഭാരതപ്പുഴയെ മലിനമാക്കുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി.: | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വാസ സ്ഥലങ്ങളിൽ ശുചിത്വ മുറികളുടെ അഭാവം മൂലം പ്രാഥമിക കാര്യങ്ങൾക്ക് ഭാരതപ്പുഴയെ ആശ്രയിക്കേണ്ടി വരുന്നു എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ- പ്പെട്ടിട്ടുണ്ടോ? വീടുകൾ വാടകയ്ക്ക് നൽകുന്നുവെങ്കിൽ ആവശ്യമായ ശുചിത്വമുറികൾ ഉണ്ടായിരിക്ക-ണമെന്നുള്ള കർശന നിർദ്ദേശം സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കാൻ സർക്കാർ ശ്രദ്ധിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്ററൽ രീതിയിലുള്ള മെച്ചപ്പെട്ട പാർപ്പിട സമുച്ചയങ്ങൾ " അപ്നാ ഘർ " പദ്ധതി വഴി നടപ്പിലാക്കിവരുന്നു. പദ്ധതിയിൽ കീഴിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആരംഭിച്ച എല്ലാ സൗകര്യങ്ങളോടും കൂടിയുള്ള ഹോസ്റ്റൽ സമുച്ചയം. പൂർത്തിയാക്കുന്നതിനു നടപടി കൈക്കൊണ്ടിട്ടുണ്ട്. നിലവിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്),. ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ) ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിക്കുകയും പൊതുവായി അന്യ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വ നിലവാരവും മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സർക്കാർ കൈകൊണ്ടിട്ടുണ്ട്.കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ വാസ സ്ഥലങ്ങളിൽ നഗരസഭാ ആരോഗ്യ വിഭാഗം |

ആവശ്യമായ പരിശോധന നടത്തുകയും ശുചി മുറികളുടെ അഭാവം ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ കെട്ടിട ഉടമകളെ കൊണ്ട് ആവശ്യമായ സൗകര്യം ചെയ്ത് കൊടുക്കുന്നുണ്ട്.

(ബി) അനേകായിരം ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്ന ഭാരതപ്പുഴയെ ഇത്തരത്തിൽ മലിനമാക്കുന്നത് തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ?

(ബി) വീടുകൾ, ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ കാനയിലേക്ക് ഒഴുക്കുന്നത് തടയണമെന്നും മലിനജലം നിർമ്മാർജ്ജനം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം കരസ്ഥമാക്കാതെ പ്രവർത്തിക്കാനനുവദിക്കരുതെന്ന് അറിയിച്ചും ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് അറിയിച്ചും ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

മാലിന്യ നിക്ഷേപം ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ കേരള പഞ്ചായത്ത് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ